# വയലാർ രാമവർമ്മ സാഹിത്യ അവാർഡ് 1977

സെക്രട്ടറി
വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്
മെഡിക്കൽ കോളേജ് പി. ഒ.
തിരുവനന്തപുരം-695011

Kumar(?)
4/10/77

1977ലെ വയലാർ രാമവർമ്മ സാഹിത്യ അവാർഡിനു പരിഗണിക്കപ്പെടുന്ന അഞ്ചു പുസ്തകങ്ങളും ഞാൻ പരിശോധിച്ചു. അവയ്ക്ക് താഴെ കാണിച്ചിട്ടുള്ള മുൻഗണനാക്രമം നൽകുന്നു. കൃതികളെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകാരന്റെ മൊത്തം സാഹിത്യസംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലുംകൂടെ ചേർത്തിട്ടുണ്ട്.

സ്ഥലം തിരുവനന്തപുരം

ഒപ്പ് B. Hrdayakumari

തീയതി 26-9-77

പേര് ബി. ഹൃദയകുമാരി.

P.T.O

(എ) ഒന്നാം റാങ്ക് (First Rank)

(1) കൃതിയുടെ പേര് — ഗ്രന്ഥകർത്താവിന്റെ പേര്

അക്ഷരം — ഒ. എൻ. വി. കുറുപ്പ്

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

മലയാളത്തിൽ ഈയിടെ വന്നിട്ടുള്ളതിൽ ഏറ്റവും നല്ല കവിതാസമാഹാരം. സർഗ്ഗാത്മകമായ ഭാവനാശക്തി, സംസ്കൃതമായ വികാരങ്ങൾ, ഭാഷയുടെ ശക്തിയും, തെളിച്ചവും, സൌകുമാര്യവും, വൃത്തഘടനയേക്കാളും ആഴത്തിൽ നിന്നുവരുന്ന സംഗീതാത്മകത എന്നിവ ഈ കവിതകളെ മനോഹരമാക്കുന്നു

അനുക്രമം വളർന്നിട്ടുള്ളതാണ് കുറുപ്പിന്റെ കവിത. വികാരങ്ങൾക്ക് subtlety യും, മനോമണ്ഡലത്തിന് ആകെ ആരോഗ്യമുള്ള സങ്കീർണ്ണതയും വർദ്ധിച്ചിട്ടുണ്ട്. മലയാള കാല്പനിക കവിതയുടെ ശക്തി നേട്ടങ്ങളിൽ ഒന്ന്.

ബി. രണ്ടാം റാങ്ക് (Second Rank)

| (1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര് |
| --- | --- |
| ഇനി ഞാനുറങ്ങട്ടെ | പി. കെ. ബാലകൃഷ്ണൻ |

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെക്കുറിച്ചുള്ള വിലയിരുത്തലും

മഹത്തായ ഒരു വിഷയത്തെ അതിന്റെ ആത്മഗൗരവം നഷ്ടപ്പെടാതെ കൈകാര്യം ചെയ്തിരിക്കുന്നു. ഒരു സംസ്കാരത്തിന്റെ പാരമ്പര്യം സംക്രമിപ്പിക്കുവാൻ ഈ വിധം ഉൾക്കാഴ്ചയും, നവ്യവീക്ഷണവുമുള്ള കൃതികൾക്കേ സാധിക്കൂ. നാടകീയതയും, ഗാംഭീര്യമുള്ള പാത്രാവിഷ്കരണവും, വൈകാരിക തീക്ഷ്ണതയും ഉൾക്കൊള്ളുന്നതാണ് ഇതിന്റെ ആഖ്യാനശില്പം.

ഗ്രന്ഥകാരന്റെ ഇതര കൃതികൾക്കും അവയുടെ വിഷയങ്ങളോട് പുതുമയുള്ള സമീപനമുണ്ട്. മൂർച്ചയുള്ള ന്യായശക്തിയും, വാദഗതികളെ ശക്തിയോടും, തെളിമയോടും അവതരിപ്പിക്കുന്ന ശൈലിയും അവയെ ആകർഷകമാക്കുന്നു.

സി. മൂന്നാം റാങ്ക് (Third Rank)

(1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര്

അഗ്നിസാക്ഷി | ലളിതാംബിക അന്തർജ്ജനം

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

ഒരു ഭാവഗീതത്തിന്റെ തീക്ഷ്ണതയുള്ള ~~[illegible]~~ കൃതി. ഉൽകൃഷ്ടമായ ചിന്താമണ്ഡലം. അസാധാരണരായ കഥാപാത്രങ്ങളെ ~~[illegible]~~ അവതരിപ്പിച്ചിരിക്കുന്നു. പക്ഷെ, ഇതിലെ ജീവിതമണ്ഡലത്തിന് വ്യാപ്തി കുറവാണ്. മനോഭാവങ്ങൾ വർണ്ണിക്കപ്പെടുകയാണ്, അവതരിപ്പിക്കപ്പെടുകയല്ല.

ഗ്രന്ഥകർത്രിയുടെ ഇതര കൃതികൾ സാമൂഹ്യബോധം, ആദർശാത്മകത, നാടകീയതയുടെ പിരിമുറുക്കമുള്ള സന്ദർഭാവിഷ്കരണം, മാധുര്യമുള്ള ശൈലി എന്നീ ഗുണവിശേഷങ്ങൾ ഉള്ളവയാണ്. ജീവിതത്തിന്റെ ചില മേഖലകൾ മാത്രമെ ഈ കൃതികളിലുള്ളൂ. അതിഭാവുകത്വം ഇടയ്ക്കിടെ കടന്നുവരുന്നു.

ഡി. നാലാം റാങ്ക് (Fourth Rank)

(1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര്

| കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര് |
|---|---|
| അയ്യപ്പപ്പണിക്കരുടെ കൃതികൾ | കെ. അയ്യപ്പപ്പണിക്കർ |

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷ നിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

കാല്പനികതയ്ക്ക് ഒരു തിരുത്തലാണ് ഈ കവിതകളിൽ ധാരാളമായുള്ള ബുദ്ധിവിലാസം, അഥവാ 'wit'. വിഷയങ്ങൾ തേടുന്നതിലും, അവയെ അവതരിപ്പിക്കുന്നതിലും കാല്പനികതയ്ക്കെതിരായി മന:പൂർവ്വമെടുത്തിട്ടുള്ള ഒരു നിലപാടു കാണാം. അത് ചരിത്രപരമായി സാംഗത്യം ഉള്ളതുമാണ്. ആകർഷകമായ ഒരു കൂസലില്ലായ്മയുമുണ്ട് ഈ കവിതകൾക്ക്. ഒരു പരീക്ഷണമെന്ന നിലയിൽ ഇതിലെ ചില കവിതകൾ മലയാള കവിതയെ നവ്യമണ്ഡലങ്ങളിലേക്കു വലിച്ചുകയറ്റുന്നുണ്ട്. അങ്ങിങ്ങ്, ചില വരികളിലും, വാക്കുകളിലും വെട്ടിത്തിള വെട്ടിത്തിളങ്ങുന്ന കവിത പ്രത്യക്ഷപ്പെടുന്നു.

ആകെക്കൂടി നോക്കിയാൽ ഭാവനയുടെയും, വികാരത്തിന്റെയും സ്വച്ഛന്ദവും, തീവ്രവുമായ സംയോജനത്തിൽ നിന്ന് ജനിക്കേണ്ട ശുദ്ധകവിതയുടെ കുറവ് ഇതിൽ അനുഭവപ്പെടുന്നു.

ഇ. അഞ്ചാം റാങ്ക് (Fifth Rank)

| (1) കൃതിയുടെ പേര് | ഗ്രന്ഥകർത്താവിന്റെ പേര് |
|---|---|
| യന്ത്രം | മലയാറ്റൂർ രാമകൃഷ്ണൻ |

(2) കൃതിയെ കുറിച്ചുള്ള ഗുണദോഷനിരൂപണവും ഗ്രന്ഥകർത്താവിന്റെ സാഹിത്യ സംഭാവനയെ കുറിച്ചുള്ള വിലയിരുത്തലും

വായിച്ചു പോകുവാൻ സാധിക്കും. പക്ഷേ ഇതിൽ നിന്ന് ഉളവാകുന്ന രസം കലയുടെ രസമല്ല, high society gossip ന്റേതാണ്. അനാവശ്യമായി തടിപ്പിച്ചതാണ് ഈ കൃതി. ഒഴിവാക്കാമായിരുന്ന വൃത്തികേടുകൾ ധാരാളമുണ്ട്. ഭാഷ അനായാസവും ദ്രുതഗതിയുള്ളതുമാണ്. അതുകൊണ്ടാണോ, ഇതിൽ ഒന്നും തങ്ങിനിൽക്കുന്നില്ല, ഉള്ളിൽ തട്ടുന്നില്ല.

'വേരുകൾ' എഴുതിയ ഗ്രന്ഥകർത്താവ് ഇത് എഴുതിയത് വിസ്മയം കൊള്ളാനാണോ?

ഒപ്പ് B. Hridayakumari

പേര് ബി. ഹൃദയകുമാരി

മേൽവിലാസം 'അഭയ'
നന്ദാവനം, മ്യൂസിയം P.O,
തിരുവനന്തപുരം